കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ആസ്തിവികസനം- **കോട്ടയ്ക്കൽ മണ്ഡലം**-വളാഞ്ചേരി പഞ്ചായത്തിലെ ജി.യു.പി.സ്കൂൾ പൈങ്കണ്ണൂർ കെട്ടിട നിർമ്മാണം -ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം.1143/17/തസ്വഭവ    തിരുവനന്തപുരം, തീയതി :12/04/2017

പരാമർശം - 1. 06/11/2012- തീയതിയിലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ സ. ഉത്തരവ്

2. തസ്വഭവ ചീഫ് എൻജിനീയറുടെഡി.ബി3-11706/16/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

**കോട്ടയ്ക്കൽ** നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന **ശ്രീ. അബ്ദുസ്സമദ് സമദാനി** എം.എൽ.എ യുടെ 2015-16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും **25 ലക്ഷം രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)** **വളാഞ്ചേരി പഞ്ചായത്തിലെ ജി.യു.പി.സ്കൂൾ പൈങ്കണ്ണൂർ കെട്ടിട നിർമ്മണം** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിന് സൂചന (2) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും **കോട്ടയ്ക്കൽ** മണ്ഡലത്തെ പ്രതിനിധികരിക്കുന്ന **ശ്രീ. അബ്ദുസ്സമദ് സമദാനി** എം.എൽ.എ യുടെ 2015-16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും **25 ലക്ഷം രൂപ(ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം ) വളാഞ്ചേരി പഞ്ചായത്തിലെ ജി.യു.പി.സ്കൂൾ പൈങ്കണ്ണൂർ കെട്ടിട നിർമ്മണം** എന്ന പ്രവൃത്തിയ്ക്ക് വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും സൂചന (1) ലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് lumpsum ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ ചെലവ് യഥാർത്ഥ ചെലവുമായി ക്രമീകരിക്കേണ്ടതും നിലവിലുള്ള നിയമങ്ങൾക്ക വിധേയമായിരിക്കണമെന്ന നിബന്ധനയ്ക്കും വിധേയമായി ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ആയത് സംബന്ധിച്ച് ചെലവ് **'4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി.എ.ഡി.എസ്'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.കെ മോഹനകുമാർ**

ഗവ.ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം

സെക്രട്ടറി, വാളാഞ്ചേരി ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ വകുപ്പ് (അ.നം. 12/എൻ.സി.സി.1/17/ധന)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ